**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **03-03-2025 - ൽ മറുപടിയ്ക്ക്**

**സൈബർ ഡോം ആസ്ഥാന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കഴക്കൂട്ടത്തെ കേരള പോലീസ് സൈബർ ഡോം ആസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; | (എ) | കഴക്കൂട്ടത്തെ കേരള പോലീസ് സൈബർ ഡോം ആസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ അംഗീകൃത ഏജൻസിയായ M/s. Silk -ന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതും, ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ IGP Cyber Operations-ന്റെ മേൽനോട്ടത്തിൽ നടന്നു വരികയുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഇഴഞ്ഞു നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് അനുവദിച്ചിരിക്കുന്ന കാലാവധി, പ്രവർത്തനം ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന തീയതി എന്നിവ സംബന്ധിച്ച് വിശദമാക്കാമോ; | (സി) | Service Level Agreement 20.11.2021 മുതൽ 18 മാസമാണ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനു അനുവദിച്ചിരുന്ന കാലാവധി. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനമായ മൂന്നാം നില വരെയുള്ള structural work ഉം, രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട ജനറേറ്റർ ഇൻസ്റ്റലേഷൻ വരെയുള്ളവയും പൂർത്തീകരിച്ചു. ചുറ്റുമതിൽ, ജനറേറ്റർ റൂം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ